വനവിഭവങ്ങൾ ശേഖരിക്കാനുള്ള നടപടി

701 [707] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കെ. ബാവ:
,, കെ. പി. രാമൻ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) മരം, ചൂരൽ, ഈറ മുതലായവ ഒഴിച്ചുള്ള വനവിഭവങ്ങൾ ശേഖരിക്കാൻ ഇപ്പോഴുള്ള സംവിധാനം എന്താണ്;

(ബി) അതുവഴി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന് എന്തു തുക ലഭിച്ചു?

ഉത്തരം

(എ) 1982-ൽ സർക്കാർ രൂപീകരിച്ച ഓമനർ ഫോറസ്റ്റ് പ്രൊഡ്യൂസ് കമ്മറ്റി നിർദ്ദേശിച്ചതുപോലെ, ഹരിജിരി കോപ്പറേറ്റീവ് ഫെഡറേഷൻ നിർദ്ദേശിക്കുന്ന ഹരിജൻ സർവ്വീസ് സൊസൈറ്റികൾക്ക് നിർദ്ദിഷ്ട പാട്ടത്തുക അടയ്ക്കുന്നതിനു വിധേയമായി ചെറുചൂക്കുകളുടെ ഇനത്തിൽപ്പെട്ട വനവിഭവങ്ങളുടെ ശേഖരണം അലോട്ടു ചെയ്യുക എന്നുള്ളതാണ് ഇപ്പോഴുള്ള സംവിധാനം.

(ബി) കഴിഞ്ഞ വർഷം (1985-86) നിജപ്പെടുത്തിയ ചെറുചൂക്കിനായി പാട്ടത്തുക ഇനത്തിൽ ആകെ 391238 രൂപ ലഭിച്ചു.

വനവിഭവങ്ങളിൽ നിന്നുള്ള ആദായം

702 [708] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ വനവിഭവങ്ങളിൽ നിന്നും ലഭിച്ച ആദായം എത്രവീതമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

1982-83-ൽ 47.33 കോടി രൂപയും, 1983-84-ൽ 39.53 കോടി രൂപയും, 1984-85-ൽ 32.63 കോടി രൂപയും, 1985-86-ൽ 38.87 കോടി രൂപയും ആദായം ലഭിച്ചിട്ടുണ്ട്.

വാമനപുരം പദ്ധതി

703 [709] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറിന്റെ ക്ലിയറൻസ് കിട്ടി 4 വർഷമായിട്ടും വാമനപുരം പദ്ധതി തുടങ്ങാൻ കഴിയാത്തത്, വനം വകുപ്പിൽ നിന്നും പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടുകൊടുക്കാത്തതുകൊണ്ടാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനാവശ്യമായ വനഭൂമി വിട്ടുകൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടങ്ങാനാവശ്യമായ ഭൂമി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) വാമനപുരം പദ്ധതിക്ക് വനഭൂമി വിട്ടുകൊടുക്കുന്നതിന് വനസംരക്ഷണ നിയമത്തിന്റെ വെളിച്ചത്തിൽ കേന്ദ്രസർക്കാരിന്റെ അനുവാദം വാങ്ങേണ്ടതുണ്ട്. അപ്രകാരം അനുവാദം വാങ്ങാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലെ നിക്ഷിപ്ത വനഭൂമി

704 [710] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി എത്ര ഏക്കർ നിക്ഷിപ്തവനഭൂമി ഉണ്ട്;

(ബി) ഈ വനഭൂമിക്ക് അതിർത്തി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈ വനഭൂമിയിൽ 1—1—1977—ന് മുൻപുള്ള എത്ര കയ്യേറ്റക്കാർ ഉണ്ട്?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി 32771.7353 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ വനഭൂമിയിൽ 1—1—1977—ന് മുൻപ് ചില കയ്യേറ്റങ്ങൾ നടന്നതായി അറിയാം. എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഇവയെ സംബന്ധിച്ച് ചില കേസുകൾ കോടതിയിൽ നിലവിലുണ്ട്.

തണ്ണിത്തോട് പഞ്ചായത്തിലെ കൈവശക്കൃഷിക്കാരുടെ സമരം

705 [711] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണിത്തോട് പഞ്ചായത്തിലെ കൂത്താടിമൺ കൈവശകൃഷിക്കാരുടെ സമരം എന്നാണ് ആരംഭിച്ചത്:

(ബി) ഈ സമരവുമായി ബന്ധപ്പെട്ട് കൈവശക്കൃഷിക്കാരുടെ പേരിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എത്ര കേസുകൾ എടുത്തിട്ടുണ്ട്; അവയിൽ ആകെ എത്ര പ്രതികൾ ഉണ്ട്;

(സി) സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ നിരപരാധികളായ പല കൃഷിക്കാരുടെയും മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly